the Government and the Secretary to the Legislative Council will be members. The remaining members six in number will have to be elected by the House including the official member. This may take place under the presidency of the Deputy President after the House rises for the day.

The House will now pass on to consider the resolutions.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST.

*Levy of prohibitory assessment on poramboke*s.

MR. ITTOOP ITTEECHAN :

This Council recommends to the Government that, in regard to the recovery of prohibitory assessment from the occupants of poramboke lands in the State, the present policy of recovering four or five times the legitimate tax be stopped and only twice the amount of such tax be recovered.

MR. ITTOOP ITTEECHAN (*Kunnatnad*) : സർ, ഞാൻ ഈ പ്രമേയത്തെ കൌൺസിലിൽ അവതരിപ്പിച്ചുകൊള്ളുന്നു.

"സംസ്ഥാനത്തുള്ള പുറംപോക്കുസ്ഥലങ്ങളിൽ കൈവശത്തിലിരിക്കുന്നവരുടെ പക്കൽനിന്നും നിരോധനക്കരമായി ഗവണ്മെൻറ് ഈടാക്കിവരുന്നത് ന്യായമായ കരത്തിൻെറ നാലും അഞ്ചും ഇരട്ടിയാകയാൽ ആവക സംഖ്യയെ നിർത്തൽചെയ്തു കരത്തിൻെറ ഇരട്ടിമാത്രമെ ഈടാക്കാവു എന്ന് ഈ സഭ ഗവൺമെൻറിനോടു ശുപാർശചെയ്യുന്നു."

സർ, ഇപ്പോൾ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലും നിരോധനക്കരം എന്നൊരു ഏർപ്പാടുനിമിത്തം ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നു എന്നുള്ള സംഗതി ഈ കൌൺസിലിൻെറ മുമ്പാകെ കൊണ്ടുവരുന്നതിനാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്.

സർ, ഈ നിരോധനക്കരം നാലഞ്ചിരട്ടി എന്നല്ല, നൂറിലധികം ഇരട്ടി ചുമത്തിയിരിക്കുന്നു എന്നാണ് അറിയുന്നത്. ഈ സംഗതിയെപ്പറ്റി അധികമൊന്നും പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എൻെറ അറിവിൽ പെട്ടിടത്തോളം കുന്നത്തുനാട് താലൂക്കിൽ ഒരുപകുതിയിൽ ചുമത്തിയിരിക്കുന്ന നിരോധനക്കരത്തിൻെറ ഒരു ലിസ്റ്റ് ഞാൻ വായിക്കാം.

ചെമ്മനാട്ടുപകുതിയിൽ സർവ്വേ നമ്പർ 1 ൽ ഒരുസെൻറുള്ള സ്ഥലത്തിനു കൊടുത്ത നിരോധനക്കരം. ഒരുരൂപാ നാലണാ ചക്രം 8 കാശ്. ഇതിൽ അയൽഭൂമിയുടെ നിരക്കിനെപ്പറ്റി പറയുകയാണെങ്കിൽ ഒരുസെൻറിനു 8 കാശാണ് കരം. ആ സ്ഥിതിക്ക് ഏകദേശം മടങ്ങു കൂടുതലായിട്ടാണ് ഇപ്പോൾ നിരോധനക്കരം ചുമത്തിയിരിക്കുന്നത് എന്നു കാണാം. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): May I ask the member why the party did not prefer an appeal?

PRESIDENT: അതിനെപ്പറ്റി കക്ഷി അപ്പീൽ കൊടുത്തിട്ടുണ്ടോ?

MR. ITTOOP ITTEECHAN (*Kunnatnad*): അവർ തീരെ സാധുക്കളും അപ്പീൽകൊടുക്കാൻ ഒരുവിധത്തിലും നിവൃത്തിയില്ലാത്തവരുമാണ്.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): May I know from the member as to why he did not appeal to the Kottayam Dewan Peishkar?

PRESIDENT: കോട്ടയം പേഷ്കാരുടെ അടുക്കൽ അപ്പീൽ കൊടുത്തിട്ടുണ്ടോ?

MR. ITTOOP ITTEECHAN (*Kunnatnad*): അവർ തീരെ സാധുക്കളും അപ്പീൽകൊടുക്കാൻ നിവൃത്തിയില്ലാത്തവരുമാണ്. അങ്ങിനേയുള്ള അളുകളുടെ അടുക്കൽ നിന്നാണ ഈ നിരോധനക്കരം ഈടാക്കിവരുന്നത്?

PRESIDENT ഈ കരം ഈടാക്കിയൊ?

MR. ITTOOP ITTEECHAN (*Kunnatnad*): കരം ഈടാക്കി. അതുകൂടാതെ ഇപ്പോഴും അവർ താമസിക്കുന്ന സ്ഥലങ്ങളിലുള്ള കെട്ടിടങ്ങളും കൂടിയും പൊളിച്ചുമാറണമെന്നുകൂടി വന്നിരിക്കുന്നു.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഈ നിരോധനക്കരം ഈ മടങ്ങിൽ കൂടുതൽ പാടില്ലെന്ന് ചട്ടം ഉണ്ടെന്നറിയാമോ?

MR. ITTOOP ITTEECHAN (*Kunnatnad*): അപ്രകാരം ഉണ്ടെന്നാണ് എന്റെ അറിവ്.

MR. MURUVELIL PACHU PILLAI (*Shertallai*): ഇതു ഇരട്ടിയിൽ കൂടുതൽ ഒരാൾക്കാരൻ പാടില്ലെന്നു പ്രത്യേകം രൂപസില്ലെ?

MR. ITTOOP ITTEECHAN (*Kunnatnad*): രൂപസുകരം ഉണ്ടാക്കീട്ടുണ്ട്. എന്നാൽ രൂപസ് ഒരുവിധത്തിലും നടപ്പ് മറെറാരുവിധത്തിലുമാണെ കാണുന്നത്.

ടി പകുതിയിൽ സവ്വെ നമ്പർ-ൽ ഫ നമ്പർ-ൽ ഒരു സെൻറിന് നിരോധനക്കരം ഒരു രൂപാ മൂന്നുചക്രം നാലുകാശ്; സവ്വെ നമ്പർ-ൽ ഫ/൫൫-ൽഒരുസെൻറിനു നിരോധനക്കരം ഒരുരൂപാ നാലുചക്രം ൫ കാശ്. ഇതുപോലെ നമ്പർവസ്തുവിന്റെ ലിസ്റ്റ് ഇവിടെ ഉണ്ട്.

ഇങ്ങിനെ നിരോധനക്കരം ചുമത്തിവരുന്നതു പ്രവൃത്തികാരന്മാരോ അല്ലെങ്കിൽ അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരൊ ആയിരിക്കും. ഏതെങ്കിലും സ്ഥലത്തുള്ള ഒരു വസ്തു ഉടമസ്ഥനോട് ഇവക്ക് എന്തെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും വിരോധമുണ്ടായിരുന്നാലും ഇപ്രകാരമുള്ള സംഗതികൾ ചെയ്യുന്നവരാം. ഇതിനു ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും ഒരു ക്ലിപ്തം ചെയ്ത് ഒരു നിയമമുണ്ടാക്കുകയൊ, അല്ലെങ്കിൽ ഈ സംഗതിയെപ്പറ്റി ഗവണ്മെൻറു വേണ്ടവിധം പര്യാലോചിച്ച വേണ്ട പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയൊ ചെയ്യാത്തപക്ഷം തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലും അധിവസിക്കുന്ന സാധുക്കളായ ജനങ്ങൾ വളരെ സങ്കടം അനുഭവിക്കുന്നതിനു ഇടയാകുമെന്നു മാത്രമല്ല, ചിലപ്പോൾ അവരുടെ കെട്ടിടങ്ങളും, മറ്റുവക സ്വത്തുക്കളും ഉപേക്ഷിച്ചുപോകേണ്ടിവരുന്നതിൻ കൂടി ഇടയാകുമെന്നുള്ള സംഗതി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെടുത്തണമെന്നു വിചാരിച്ചാണ് ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്.

MR. V. S. KRISHNA PILLAI (*Tiruvalla*): അക്രമമായ വിധത്തിലുള്ള നിരോധനക്കരം ഈടാക്കിയാൽ അതിനെ അപ്പീൽകൊടുത്തു് ഭേദപ്പെടുത്തിക്കൊണ്ടുവരണമെങ്കിൽ എത്രരൂപാ ചിലവു ചെയ്യേണ്ടിവരും?

MR. ITTOOP ITTEECHAN (*Kunnatnad*): അപ്പൽകൊടുത്തു് ഭേദപ്പെടുത്തുന്നതിന് നൂറുരൂപായോളം ചിലവുചെയ്യേണ്ടിവരും. ഇത്രയും ചിലവാക്കാതെ അതിനെ അസ്ഥിരപ്പെടുത്താൻ സാധിക്കുകയില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. എങ്കിലും ഈ ഉദ്ദേശത്തോടുകൂടി ഇതേരൂപത്തിൽ മറെറാരുപ്രമേയം ഞാൻ ഈ കൌൺസിലിൽ കൊണ്ടുവന്നിട്ടുണ്ടു്.

MR. MURUVELIL PACHU PILLAI (*Shertallai*): എന്നാൽ ആ പ്രമേയം വരുമ്പോൾ സംസാരിച്ചാൽ പോരയോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഈ രണ്ടു പ്രമേയങ്ങളുടേയും ഉദ്ദേശം ഒന്നായതുകൊണ്ടു എൻെറ പ്രമേയം അവതരിപ്പിക്കാതെ പറയാനുള്ളതു ഇപ്പോൾ പറയാമെന്നു ഞാൻ വിചാരിക്കുന്നു.

പുറമ്പോക്കുകേസുകളിൽ നിയമത്തിനപ്പുറമായ രീതിയിൽ നിരോധനക്കരം ചുമത്തി ജനങ്ങളെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു ഈ രാജ്യത്തിൻെറ എല്ലാഭാഗങ്ങളിലും സാധ്യമായുള്ള ഒരു പരാതിയാണ്. പ്രത്യേകിച്ചു ഉത്തരതിരുവിതാംകൂറിലെ എല്ലാഭാഗങ്ങളിലുമുള്ള കൃഷിക്കാരായ ജനങ്ങളുടെയിടയിൽ ഇതിനെപ്പറ്റിയുള്ള സങ്കടവും ആവലാതിയും പരക്കെ മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ടു്. ഏതുമുക്കിലും മൂലയിലും ചെന്നാലും കൃഷിക്കാർ ഈ സങ്കടത്തിനു് ഒരു നിവൃത്തി ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitommman.]

ക്കുവാൻ കരുണയേറിയ ഗവണ്മെൻറിന്റെശ്രദ്ധയിൽ ഈ സംഗതികളും നിങ്ങളും കൊണ്ടുചെല്ലുമോ എന്നാണ് ജനപ്രതിനിധികളോട് ചോദിച്ചു കൊണ്ടിരിക്കുന്നത്.

ഇതിനേസംബന്ധിച്ച് എന്റെ താലൂക്കിൽ ഭയങ്കരമായ സംഗതികളാണ് നടക്കുന്നത്. പുറമ്പോക്ക് ഇനത്തിൽ ഗവണ്മെൻറ് ബഡ്ജറ്റിൽ സംസ്ഥാനം ഒട്ടുക്കു നിന്നും ഇരുപത്തയ്യായിരം രൂപായോളം പ്രതീക്ഷിച്ചിരിക്കുന്നതായികാണുന്നു. എന്നാൽ ഞങ്ങളുടെ ഒരു താലൂക്കിൽനിന്നും തന്നെ ഉദ്ദേശം അൻപതിനായിരം രൂപാ ഈടാക്കാനായിട്ടു തീച്ചുചെയ്തിട്ടുണ്ടെന്നാണ് ഞാൻ ഊഹിക്കുന്നത്. അതിന്റെ നിശ്ചയമായ കണക്കു ചോദിച്ചിട്ടിതേവരെ കിട്ടീട്ടില്ല. മുപ്പതു താലൂക്കുകളിലുംകൂടി ഗവണ്മെൻറു പുറമ്പോക്കിനത്തിൽമുതൽവരുമെന്നുപ്രതീക്ഷിച്ചിരുന്ന സംഖ്യയുടെ ഇരട്ടിയോളം വരുന്ന തുക ഒരു താലൂക്കിൽനിന്നുമാത്രം ഈടാക്കാൻ തീച്ചുചെയ്തിട്ടുണ്ടെങ്കിൽഎത്രത്തോളം ഉത്സാഹമായ സങ്കടമാണ് ജനങ്ങൾ അനുഭവിച്ചുവരുന്നതെന്നു ഇവിടെ പറയേണ്ട ആവശ്യമില്ലല്ലോ. താലൂക്കുസർവ്വയർമാർ, ഹെഡ്സർവ്വെയർ, റവന്യൂ സൂപ്രവൈസർ, അവരുടെകീഴിലുള്ള പകുതിആക്കെയുണ്ടന്മാർ, ഇവക്കെല്ലാം പുറമ്പോക്കു കേസെടുക്കാം. ഇവർ എടുക്കുന്നകേസ് റിസർവിനുസമീപമുള്ള വസ്തുക്കളെ സംബന്ധിച്ചാണെങ്കിൽ ഫാറസ്റ്റ്കാരുടെ അഭിപ്രായമറിവാൻ അങ്ങോട്ടയച്ചുകൊടുക്കും. റിസർവിനുആവശ്യമുണ്ടെന്നും, പതിച്ചുകൊടുക്കാൻ പാടില്ലെന്നും, ഫാറസ്റ്റിലെ വല്ല ഗാർഡും പരിശോധിച്ചു പറഞ്ഞാൽ പതിച്ചുകൊടുക്കാൻ പാടില്ലെന്നുതീരുമാനിക്കും. സ്ഥലം റോഡിനോ വല്ല വഴിക്കോ അടുത്താണെങ്കിൽ P. W. ഡിപ്പാർട്ടുമെൻറുകാരോടും ചോദിക്കും. അവരിലും വല്ല മേസ്തിരിമാരുമായിരിക്കും പരിശോധിച്ചഭിപ്രായമെഴുതുന്നത്. ഇങ്ങിനെ ലാൻറുറവന്യൂഡിപ്പാർട്ടുമെൻറിലേയും മറ്റുവകുപ്പുകളിലേയും കീഴുദ്യോഗസ്ഥന്മാരുടെ സേവനമപോലെയാണ് പുറമ്പോക്കുകേസ്സുകളുടെ ഉത്ഭവവും ഗതിയും. ദേഹണ്ഡക്കാരനെ വസ്തു പുറമ്പോക്കാണെന്നു പറഞ്ഞു ഒഴുപ്പിക്കും. ചിലപ്പോൾ മറ്റൊരാൾക്കു പതിച്ചും കൊടുക്കും. ഇത്തരത്തിലുള്ള അഴിമതികളെ ഗവണ്മെൻറു നിർത്തിയാലല്ലാതെ രാജ്യത്തിനു ക്ഷേമം ഉണ്ടാകുന്നതല്ല. വടക്കൻതിരുവിതാംകൂറിൽ സർവ്വെനടത്തിയതു്, ദിവാൻ മിസ്റ്റർ വി. പി. മാധവറാവുവിന്റെകാലത്തു് വളരെമ്ലേതഗതിയിലായിരുന്നു. അവിടെ ഉഭംനാട്ടിലെ കൃഷിക്കാർ അന്നു വിദ്യാഭ്യാസം കുറഞ്ഞവരുമായിരുന്നല്ലോ. സർവ്വെനടത്തിയപ്പോൾപതിവുഭൂമികളിൽ ഉൾപ്പെട്ട പലഭാഗങ്ങളും പുറമ്പോക്കാ

LIBRARY ARCHIVES Kerala Legislative Assembly

യി എടുത്തിട്ടുള്ളതു് അവർ അറിഞ്ഞിട്ടേയില്ല. തൊട്ടപുഴ, മൂവാറ്റു പുഴ, കുന്നത്തുനാടു്, മുതലായസ്ഥലങ്ങൾ മലയോടടുത്തവയാണു്. വയലിന്റെ മദ്ധ്യേക്കൂടി വല്ല കാട്ടരുവികളും ഉണ്ടായിരുന്നാൽ അവയുടെകരയിലുള്ള വയലുകൾ പുറമ്പോക്കായി കൊള്ളിച്ചിരിക്കും. അതുപോലെതന്നെ പാറകൾ കാണും. ആ പാറയും അതിനുസമീപമുള്ള സ്ഥലങ്ങളും ചേത്തു് പാറ പുറമ്പോക്കായി കൊള്ളിച്ചിട്ടുണ്ടു്. സർവ്വേ ദ്രുതഗതിയിൽ നടന്നതുകൊണ്ടു് സാധുകൃഷിക്കാർ ആ കാര്യത്തു് ഇതറിഞ്ഞിട്ടേയില്ല. ഇങ്ങിനെ കടലാസിൽ പുറമ്പോക്കായി ഇട്ടിരിക്കുന്ന സ്ഥലങ്ങൾ കൃഷിക്കാർ പതിവുപോലെ കൃഷിചെയ്യുമ്പോൾ പുറമ്പോക്കിൽ പ്രവേശിച്ചു എന്നു പറഞ്ഞു കേസെടുക്കുന്നു. വാസ്തവത്തിൽ പുറമ്പോക്കാണെന്നു അറിഞ്ഞുകൂടാ. പുറമ്പോക്കിൽ പ്രവേശിക്കണമെന്നു് ലേശം പോലുംആഗ്രഹമില്ലാത്ത സാധുകൃഷിക്കാർ ആപത്തിൽ കുടുങ്ങുകയാണു ചെയ്യുന്നതു്. എന്നാൽ വരുന്ന ആപത്തോ ഭയങ്കരം. ഈ കൃഷിക്കാർ പുറമ്പോക്കിൽ പ്രവേശിക്കുന്ന സ്ഥലങ്ങളുടെ സ്ഥിതി നോക്കുകയാണെങ്കിൽ വളരെ തുച്ഛം. അര ഫർലാംഗ്സ് വീതിയിലും നാലോ അഞ്ചോ ചെയിൻ നീളത്തിലും ആയിരിക്കും ചില കേസ്സുകളെടുക്കുന്നതു്. ഈ സ്ഥലം മറ്റു യാതൊന്നിനുംതന്നെ പ്രയോജനമില്ലാത്ത വയലിന്റെ മദ്ധ്യയുള്ള ചെറിയ തോടിന്റേയൊ പാറകളുടേയോ അരുകായിരിക്കും. പട്ടണങ്ങളിൽ പൊതുജനോപയോഗമായ സ്ഥലങ്ങളിലോ അല്ലെങ്കിൽ കൃഷിക്കു വെള്ളമുപയോഗമുള്ള കുളങ്ങളുടെ അരുകിലോ റോഡിനരുകിലോ ഇങ്ങിനെ പ്രവേശിക്കയാണെങ്കിൽ അതു് പൊതുജനങ്ങൾക്കുപദ്രവമാണു്. അതു ഒഴിപ്പിക്കേണ്ടതുമാണു്. നേരേമറിച്ചു ഗവണ്മെൻറിനും ജനങ്ങൾക്കും ഒരുപദ്രവുമില്ലാത്ത സ്ഥലങ്ങളിൽ പ്രവേശിക്കുന്നവരുടമേൽ കേസ്സെടുത്തു സെൻറിനു് ഒന്നരരൂപ, ഒന്നേകാൽരൂപ. ഈ കണക്കിനു നിരോധനകരം ചുമത്തി ഒഴിപ്പിച്ചു വരുന്നതു അക്രമമാകുന്നു. ഇതിനെപ്പറ്റി ബഡ്ജറ്റ് പൊതുവിമർശനാവസരത്തിൽ ഞാൻ പ്രസ്താവിക്കയും, ഇങ്ങിനെ ചട്ടത്തിനപ്പുറമായനിലയിൽ നിരോധനകരം ചുമത്തീട്ടുള്ള ഏതാനും കേസ്സുകളുടെ ലിസ്റ്റു വായിക്കയും ചെയ്തു. ഇതിൽ ചില സ്ഥലങ്ങൾ വാസ്തവത്തിൽ പുറമ്പോക്കേയല്ല. അങ്ങിനെയുള്ള ചില കേസ്സുകൾ അപ്പീൽകൊടുത്തു് പുറമ്പോക്കല്ല എന്നു വ്യക്തപ്പെടുത്തീട്ടുമുണ്ടു്. അനേകംപേർ ശിക്ഷയും അനുഭവിച്ചിട്ടുണ്ടു്. എന്നാൽ ഈ പുറമ്പോക്കുകേസ്സുകളിന്മേൽ പത്തോ നൂറോ രൂപായ്ക്കുമേൽ ചിലവാക്കി കോട്ടയംവരെ പോയി വക്കീലിനെ ഏർപ്പെടുത്തി കേസ്സുന

LIBRARY ARCHIVES Kerala Legislative Assembly

[Mr: Tariatu Kunjitommau.

ടത്തി രക്ഷനേടാൻ ഉഴംനാട്ടിലെ കൃഷിക്കാരിൽ ഫ ൦ ൦ -ന ൻൻ പേരും പ്രാപ്തന്മാരല്ല. പ്രത്യേകിച്ച് ഒരാളിന്റേറയോ രണ്ടാളിന്റേറയോ സങ്കട മായിരുന്നുവെങ്കിൽ അവർ കേസ്സുകൊടുത്തു പരിഹാരം നേടിക്കൊള്ളട്ടേ എന്നു വിചാരിച്ചു ഈ കൗൺസിലിൽ പ റയാതെ വിട്ടുകളയാമായിരു ന്നു. പരക്കെ ജനങ്ങളെ സാവ്രതികമായി ബാധിച്ചിരിക്കുന്ന ഈമാതി രിയുള്ള സങ്കടങ്ങളെപ്പറ്റി ജനപ്രതിനിധികളായ ഞങ്ങൾക്കു ഈ കൌ ൺസിലിനെ അറിയിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇതിനുംപുറമേ ഉദ്ദേശം ൪ ൦,൦ ൦ ൦ത്തോളം രൂപാ ഈടാക്കുവാൻ തീച്ചപ്പെയ്തിട്ടുള്ള തിൽനിന്നും നിയമത്തിനപ്പുറമായ രീതിയിൽ ഈടാക്കീട്ടുള്ള സംഖ്യ അപ്പീൽ ക്രടാതെ മടക്കികൊടുപ്പിക്കണം. ഒരുകൊല്ലത്തോളമായി ഈ വിഷയത്തിൽ ഞങ്ങളുടെ താലൂക്കിൽ കൃഷിക്കാർ വളരെ ബുദ്ധിമുട്ടിൽ കഴിച്ചുവരികയാണു്. ഇതിലേക്കു് ഒരു പ്രതിവിധി നേടുന്നതിനു ജന ങ്ങളാം ഒരു ക്രട്ടമായി ഇവിടെവന്നു സങ്കടം അറിയിക്കണമെന്നും, അതി ലേക്കു ഞാനുംക്രടി പോരണമെന്നും എന്നെ അറിയിച്ചു. മേലധികാരി കളെ ഞാൻ ഈ സംഗതിധരിപ്പിച്ചു ശരിപ്പെടുത്തിത്തരാമെന്നുപറഞ്ഞു അവരെ സമാധാനപ്പെടുത്തി. ഞാനും നാലു പ്രജാസഭാമെമ്പർമാരും ക്രടി കോട്ടയത്തുവന്നു സക്കീട്ടിൽ കമ്മീഷണരെകണ്ടു ജനങ്ങളുടെ സങ്ക ടം അറിയിച്ചു. അദ്ദേഹം വളരെ നല്ലയാളും, വളരെ ദയവോടുക്രടി ജനങ്ങളോടു പെരുമാറിവരുന്ന സ്വഭാവക്കാരനുമാണു്. പക്ഷേ ഈ സംഗതിയിൽ സാരമായ പരിഹാരങ്ങളൊന്നും ഉണ്ടാക്കീട്ടില്ല. അതു അദ്ദേഹത്തിന്റെ തെറ്റാണെന്നു ഞാൻ പറയുന്നില്ല. കീഴ്ദ്യോഗ സ്ഥന്മാരുടെ കുറ്റമാണു്. കമ്മീഷണരോടു ആക്കും സംഗതികൾ തുറന്നുപറയാം. എന്നാൽ അദ്ദേഹം പറയുന്നതു് ഈ സംഗതി യിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനി ല്ലെന്നാണു്. അതു വാസ്തവമാണു്. അതുകൊണ്ടായിരിക്കണം അവിടത്തെ ജനങ്ങൾ കരുണാശീലയായ മഹാറാണി റീജന്റ് തിരുമനസ്സിലെ സന്നിധാനത്തിൽ ക്രട്ടമായി വന്നു സങ്കടംബോ ത്തിക്കണമെന്നു പറഞ്ഞതു്. അതുവലിയ സാഹസമാണു് അവർക്കു ള്ളതു്. നിയമത്തിൽ വളരെ മടങ്ങു് അധികമാണു് നിരോധന ക്കരം ചുമത്തി വരുന്നതെന്നു ബഡ്ജറ്റു പൊതുവിമർശനകാലത്തു ഞാൻ വായിച്ചു ലിസ്റ്റിൽനിന്നും മനസ്സിലാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. V. J. OOMMEN (*Commerce and Industry, North*) : റ്റഡേഷൻ ക്ലിപ്തപ്പെട്ടുത്തിയിരിക്കുന്ന സംഖ്യയിൽനിന്നും കൂടുതലായിട്ട് ഈടാക്കീട്ടുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : വളരെ, വളരെ, കൂടുതൽ ഈടാക്കി വരുന്നുണ്ട്.

MR. V. J. OOMMEN (*Commerce and Industry, North*:) റ്റഡേഷനിൽ പറഞ്ഞിരിക്കുന്നതിൽനിന്നും നിരോധനക്കരം കുറച്ചു ഈടാക്കാൻ പാടുള്ളു എന്നാണോ അഭിപ്രായം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അയൽഭൂമിയുടെ അഞ്ചുമടങ്ങ് എന്നതുപ്രയോഗത്തിൽ ഫ ൦ ൦ മടങ്ങായിരിക്കുന്നതുകൊണ്ടു രണ്ടുമടങ്ങാക്കിയാൽ ഒരുപക്ഷേ ൫ മടങ്ങിൽ കൂടുതൽ കൊടുക്കേണ്ടിവരികയില്ല എന്നുള്ള വിചാരത്തോടുകൂടിയാണ് ൨ മടങ്ങായിട്ടു കുറയ്ക്കണമെന്നു മിസ്റ്റർ ഇട്ടീച്ചൻ പറയുന്നതെന്നു വിചാരിക്കുന്നു.

MR. T. P. RAMASUBBA AIYER (*Secretary to Government*) : റ്റഡേഷനിൽ നിരോധനക്കരം ചുമത്തുന്നതു് ഇരുമടങ്ങേ പാടുള്ളു എന്നുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ൫ മടങ്ങുവരെ എന്നു പറഞ്ഞിട്ടുണ്ട്.

MR. T. P. RAMASUBBA AIYAR (*Secretary to Government*): നിരോധനക്കരം ഇരു മടങ്ങായിരിക്കണമെന്നു് റ്റഡേഷനിൽ പറഞ്ഞിട്ടില്ല. പുറമ്പോക്കു രൂപസിലാണു് പറഞ്ഞിട്ടുള്ളതു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): രൂപസും റ്റഡേഷനും ഒന്നും സാധാരണജനങ്ങൾക്കു തിരിച്ചറിയാറില്ല. രണ്ടും ഗവണ്മെൻറിന്റെ വ്യവസ്ഥയാണു്. അതിനു കീഴ്പ്പെട്ടിരിക്കുന്നതിനു ജനങ്ങൾക്കു ബാധ്യസ്ഥരാണു്. അതിനിപ്പുറമായ നിലയിലുള്ള തുകയാണെങ്കിൽ ജനങ്ങൾക്കു സങ്കടം പറയാൻ വരികയില്ല. ദുസ്സഹമായ സങ്കടം ഉണ്ടെങ്കിൽ മാത്രമേ ജനങ്ങൾ പറയാൻ ഒരുങ്ങുകയുള്ളു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഇപ്പോഴുള്ള രൂപസിനു വിപരീതമായ നിലയിൽ നിരോധനക്കരം ചുമത്തി വരുന്നു എന്നാണോ പറയുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വളരെ അധികം ഈടാക്കി വരുന്നു എന്നു ഞാൻ പലതവണ പറഞ്ഞു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇപ്പോൾഉള്ള രൂപസനുസരിച്ചു നടത്തിയാൽ മതിയാകുമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇപ്പോഴത്തെ രൂപസനുസരിച്ചു തന്നെ ൫ മടങ്ങിനു ഫ ൦ ൦ മടങ്ങായിപ്പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഇപ്പോഴത്തെ രൂപംസ്സനുസരിച്ചു ശരിയായിട്ട നടത്തുന്നതിനു വേണ്ട ഏർപ്പാടു ചെയ്താൽ മതിയാകുമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : അക്ഷരംപ്രതി അങ്ങിനെ നടന്നാൽമതിയാകുമായിരുന്നു. അങ്ങിനെനടക്കുന്നില്ല. ദിവാൻ മിസ്റ്റർ രാഘവയ്യായുടെകാലത്തു കുറെ അസിസ്റ്റൻറ് തഹശീൽദാർമാരെ നിയമിച്ചു. അവർ പുറമ്പോക്കുവിഷയത്തിൽ ക്രമേണ വലിയ ഉപദ്രവികളായിതീർന്നു. അതിനെ സംബന്ധിച്ചു് ഈ കൌൺസിലിൽ ഞങ്ങൾ അറിയിച്ച ശേഷമാണു് ഈ രൂപസുണ്ടാക്കി നിരോധനക്കരം വ്യവസ്ഥപ്പെടുത്തിയതും അസിസ്റ്റൻറ് തഹശീൽദാന്മാരെ നിറുത്തിക്കളഞ്ഞതും.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഇപ്പോഴത്തെ രൂപംസിനെ മാറണമെന്നു താല്പര്യമില്ലല്ലോ, അതനുസരിച്ചു ശരിയായിനടത്തിയാൽ മതിയെന്നല്ലേ പറഞ്ഞതു്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*: അതനുസരിച്ചു ശരിയായി നടന്നുകാണാത്തതിനാൽ ആ രൂപംസിനെതന്നെ ഒന്നു മാറ്റിയാൽ കൊള്ളാമെന്നുണ്ടു്. ഈ മടങ്ങു ഇപ്പോൾ ഫ ഠ ഠ മടങ്ങു് ആകുന്ന സ്ഥിതിക്കു് ഠ മടങ്ങു് ആക്കിയാൽ ഈ മടങ്ങിൽ കൂടുതൽ ആകയില്ലായിരിക്കും. അന്യായമായ മുതലെടുപ്പിനെക്കാളും പ്രധാനമായി കൃഷിക്കാരായ സാധുജനങ്ങളുടെ രക്ഷയും ക്ഷേമവുംആണു് ഗവണ്മെൻറു നോക്കേണ്ടതു്.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : ആ ന്യായമായിട്ടു് ഇങ്ങനെ നിരോധനക്കരം ചുമത്തുന്നുവെങ്കിൽ അതിനു ചട്ടപ്രകാരം ഉള്ള പരിഹാരമാർഗ്ഗം ഉണ്ടാക്കിയാൽ പോരയോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ചട്ടപ്രകാരമുള്ള പരിഹാരമാർഗ്ഗം അപ്പീലാണു്. ആയിരം പേരിൽ ഒരാൾ അപ്പീൽ കൊടുക്കാൻ പ്രാപ്തനല്ല എന്നു ഞാൻ ഇതിനു മുമ്പേ പറഞ്ഞു കഴിഞ്ഞു.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : ചട്ടത്തിൽ പറഞ്ഞിരിക്കുന്നതിൽനിന്നും കുറയ്ക്കണമെന്നാണോ പറയുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു, ചട്ടംതന്നെ ജനങ്ങളുടെ ക്ഷേമത്തിനുപയുക്തമാകുന്നില്ലെങ്കിൽ അതിനെഭേദപ്പെടുത്തണം. അതിൻറെ പ്രയോഗത്തിലാണു് ദൃഷ്ടിയെങ്കിൽ അതു ശരിയായിപ്രയോഗിക്കുന്നതിനു നിഷ്കർഷിക്കണം. ഒരു വ്യക്തിക്കോ രണ്ടു വ്യക്തികൾക്കോ ഉണ്ടാകുന്ന സങ്കടമാണെങ്കിൽ അവർ

LIBRARY ARCHIVES Kerala Legislative Assembly

നോക്കിക്കൊള്ളട്ടെ എന്നുവച്ച് പക്ഷേ ഇവിടെ പറയാതെ കഴിക്കാം. ജനങ്ങൾക്കാകമാനമായിട്ടുണ്ടാകുന്ന സങ്കടങ്ങളെ ഈ പ്രതിനിധി സഭ വഴിയായി പരിഹരിക്കണം. ഈ സഭ അവർ ഓരോരുത്തരും പ്രത്യേകം പ്രത്യേകം അപ്പീൽ കൊടുത്തു കൊള്ളട്ടെ എന്നു വിടാൻ പാടില്ല. മൂവാറ്റുപുഴയിലെ സ്ഥിതി വളരെ കഷ്ടമാണ്. അയൽ താലൂക്കായ കുന്നത്തു നാട്ടിലേയും സ്ഥിതി ഇതുപോലെയാണെന്നു മിസ്റ്റർ ഇട്ടീച്ചൻ പറഞ്ഞതിൽനിന്നു ഞാൻ ഊഹിക്കുന്നു. ഈക്കഷ്ടതയെ ഗവണ്മെൻറു തന്നെതടയേണ്ടതതാവശ്യമാണ്. പ്രത്യേകിച്ചും ഈരാജ്യത്തെ പ്രധാന തൊഴിലാളികളായ കൃഷിക്കാരുടെ സങ്കടപരിഹാരത്തിനുവേണ്ടി ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം.

അതിനാൽ ഗവണ്മെൻറ് മൂവാറ്റുപുഴ, കുന്നത്തുനാട് മുതലായ താലൂക്കുകളിലേക്കു ചുമതലയുള്ള ആളുകളെ അയച്ചു ജനങ്ങൾക്കു ഈ വിഷയത്തിലുള്ള സങ്കടത്തെ പറഞ്ഞു പ്രത്യേകം അന്വേഷിക്കണം. അന്വേഷണത്തിൽ അങ്ങിനെ സങ്കടമില്ലെന്നു കാണുന്നപക്ഷം അതിലേക്കുള്ള ചിലവു കെട്ടിവയ്ക്കാനും ഞങ്ങൾ തയ്യാറാണ്.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): പൊതുവേയുള്ള സങ്കടങ്ങളെ പരിഹരിക്കുന്നതിനല്ലേ ചട്ടം ഏർപ്പെടുത്തീട്ടുള്ളത്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അതേ. അതിന്റെ പ്രയോഗത്തിലുള്ള ന്യൂനതകളെ പരിഹരിക്കണമെന്നു പറയാൻ പാടില്ലെന്നില്ലല്ലോ. ചട്ടങ്ങളോ അവയുടെ പ്രയോഗമോ ജനങ്ങളുടെ ക്ഷേമത്തിനു ബാധകമാണെങ്കിൽ അതിനെ ഭേദപ്പെടുത്തേണ്ട ആവശ്യത്തെഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരാനാണല്ലോ പ്രതിനിധിസഭകൂടം ഏർപ്പെടുത്തീട്ടുള്ളത്. അങ്ങിനെയുള്ള പ്രതിനിധിസഭകൂടം തന്നെ ഈ ദുരവസ്ഥകൊണ്ടു ഇല്ലാതെപ്പെട്ടുകൊള്ളണമെന്നു പറഞ്ഞാൽ അതു വലിയകഷ്ടമായിരിക്കും. ഈ പ്രതിനിധിസഭകളിലേക്കു ആളുകളെ തിരഞ്ഞെടുത്തയക്കുന്നതു് ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളായ കൃഷിക്കാരാണ്. അങ്ങിനെയുള്ള കൃഷിക്കാർക്കു പലരെക്കെ നിയമത്തിനപ്പുറമായി നേരിട്ടുകൊണ്ടിരിക്കുന്ന ഈ ദുരിതസങ്കടങ്ങൾക്കു പരിഹാരമുണ്ടാക്കേണ്ടതു് ഇതിന്റെ പ്രധാനകടമയാണ്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇതു ഏക്കറിനു് ഇതു പണമെ നിരോധനക്കരം മുതലായവു എന്നു് ഒരു വ്യവസ്ഥ ചട്ടത്തിൽ ഇല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ചട്ടത്തിൽ എന്താണുള്ളതു് എന്നു് എന്നെക്കാളും ചട്ടത്തിൽ വിദഗ്ദ്ധനായ ലാമെംബക്കുതന്നെ അറിയാം. എന്നോടു ചോദിച്ചറിയേണ്ടതില്ല. ഞാൻ മനസ്സിലാക്കീട്ടുള്ളതു് അയൽ ഭൂമിയുടെ കരത്തിന്റെ നിരക്കിൽ ൪ മടങ്ങിലധികം പാടില്ല എന്നാണു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഒരേക്കറിൽ നിരോധനക്കരം അയൽഭൂമിയുടെ കരത്തിൽ ൪ മടങ്ങു കൂടുതൽ ചുമത്താൻ പാടില്ലെന്ന വ്യവസ്ഥയുണ്ടല്ലോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ചട്ടം ഒരു വിധവും പ്രവൃത്തിമറ്റൊരു വിധവുമാണു്. ൫ ൦ ൦ മടങ്ങു് ൫൨ ൪ മടങ്ങു് ഇങ്ങനെ ചുമത്തിവരുന്നുണ്ടു്. ഒന്നല്ല, രണ്ടല്ല, അനേകം കേസ്സുകളിൽ ഇങ്ങനെ ചുമത്തിവരുന്നതായി ഞാൻ ഒരു ലിസ്റ്റ് മുമ്പു വായിച്ചുവല്ലോ.

ഭയങ്കരമായ നിയമലംഘനം നടത്തുന്ന ഉദ്യോഗസ്ഥന്മാരെ (ഞാൻ ആരുടേയുംപേർ പറയുന്നില്ല) ശിക്ഷിച്ചു ജനങ്ങളുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കണം. ചുമതലയുള്ള ഉദ്യോഗസ്ഥന്മാരെ അയച്ചു അന്വേഷിപ്പിക്കണം.

ഇതുമും സംഗതികളും പ്രസ്താവിച്ചുകൊണ്ടു ഞാൻ മിസ്റ്റർ ഇട്ടീച്ചന്റെ പ്രമേയത്തെ ബലമായി പിൻതാങ്ങികൊള്ളുന്നു.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): Sir, there seems to be some misconception in some quarters about the working of the Land Conservancy Regulation. I may first of all say that as per the Rules, in no possible case can the prohibitory assessment go beyond 5 times the ordinary assessment. According to para 8 of the Rules dated the 6th August 1921 encroachments may be divided roughly into two classes one in which the land cannot be registered to the person who has squatted on it and the other in which land can be registered. In case of encroachments on such lands as can be assigned, no prohibitory assessment whatever is levied. All that we do is to collect the past arrears for five years. If a man has encroached and squatted on the land only for three years then we collect three years back revenue from him and we do not collect any prohibitory assessment. In case in which the land cannot be registered, such as encroachments on roadways or grazing reserve and so on, we levy the prohibitory assessment, and I am assured by the officers that it is very seldom that they resort to more than twice the ordinary assessment as prohibitory assessment. The present Rules that is, the Rules of 1922, are more lenient in this respect than the old Rules. Under the old Rules there was no restriction on the extent of the penal assessment

LIBRARY ARCHIVES Kerala Legislative Assembly

that an officer can impose; but under Rule 7 of the present Rules the officers' hands are tied. This only refers to the *Poramboke* Rules.

Another thing is, in towns where the Town Land Rules apply.....

MR. MATTHEW MURIKKAN (*Vaikom*): Will the member kindly tell me whether if an amount more than the amount prescribed by the Rules is charged, the excess amount levied would be refunded?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): The officer will be severely punished. We hear such sweeping statements made and I have no real and specific instances brought to my notice. If instances are brought before the Commissioner, he will take action. Of course, now Mr. Murikkan asks me a hypothetical question. At present, if an officer, without any reason whatsoever, and against all Rules and Regulations, has done something wrong we will have to refund the amount.

MR. MATTHEW MURIKKAN (*Vaikam*): May I.....

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I request the members to let me finish my speech; and then I will be glad to answer any question that may be put to me. Mr. Ittoop Itteechan has mentioned a few cases. I have not had occasion to examine them.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): കോട്ടയത്തു് ഞാനും നാലുപ്രാമാണികന്മാരുംകൂടി വന്നു് ഒരു മെമ്മോറിയൽ തന്നിട്ടില്ലെ?

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): தமிழில் கேட்டால் பதில் சொல்லலாம்.

PRESIDENT: Mr. Kunjitomman, if he is questioned in Tamil he will answer.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): I may say, that in Kothamangalam and other places I inspected a lot of lands with Mr. Tariatu Kunjitomman. He then showed me some lands which had been entered upon by some poor people; and they had effected improvements on the lands. It was then represented to me that *taravila—and not assessment*—fixed, was too high. He is mixing up *taravila* with assessment. I think he said that assessment was fixed at Rs. 200. It was *taravila* and not assessment. I pointed this out to the Tahsildar and the Dewan Peishkar, and asked them to re-examine the question and if these people were really poor, to take steps to get the assessment and *taravila* fixed lower.

Of course, I may point out that when the Tahsildar passes an order fixing *taravila* it is what is known as Judicial Proceedings; and he has not got the power to cancel his own order. There are certain difficulties about it. That order can only be cancelled in certain ways according to the Law. But no doubt, these officers are taking steps to do that. The Tahsildar had very good reasons for fixing that amount as *taravila*. He only acted according to what the Rules laid down,

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. C. H. Robinson.]

in this specific case. The men were poor and could not afford to pay it; but the *puduval* Rules allow some concession to be given only to the depressed classes. That was, I think, at Muvattupuzha.

Another point that I wish to point out is that no specific case has yet been brought to my notice of this flagrant violation of the Rules. I was at Muvattupuzha and I was at Kunnatnad and it was then very easy for these people to have brought such things to my notice. We cannot judge a case without hearing both sides. All that I can now say is that the Rules prohibit the imposition of more than 5 times the assessment. And if officers go against the Rules and charge one hundred times or so, they would certainly get into hot waters. As I said before, the officer generally imposes not more than twice the ordinary rates of assessment and that too only in cases where the land cannot be registered. The present Rules are certainly much more lenient than the Rules proposed by the member. I think the member wants twice the prohibitory assessment to be imposed in every case, the result will be, that prohibitory assessment will have to be imposed even in cases where we do not now levy that assessment. As I said before the members have misunderstood the terms '*taravila*' and 'prohibitory assessment'. If I am given Mr. Ittoop Itteechan's list I can look into it. Mr. Tariatu Kunjitomman has been making sweeping statements and he has no specific instances. He did not give any specific instance when I was up in these taluks. If assessments at 100 times the rate had been imposed, it really could have been very easy for him to have brought it to my notice. But, there was no complaint about excessive rates. I think the member has mixed up the question of *taravila* with prohibitory assessment.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): കൈവശത്തിലും, ദേഹണ്ണത്തിലും കറെ നാളായിട്ടിരിക്കുന്ന ഭൂമി പതിച്ചു കൊടുക്കുന്നതിൽ 5 0 0 രൂപാ തറവില വയ്ക്കുന്നതു കഷ്ടമാണ് എന്ന് മെമ്മോറിയലിൽ പറഞ്ഞിട്ടുണ്ട്. പുറമ്പോക്കിൽ പ്രവേശിച്ചിട്ടില്ലാത്ത വരുടെ മേൽ ക്രടി കെസ്സെടുത്തു് ക്രടുതൽ നിരോധനക്കരം ചുമത്തുന്നു എന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*): தமிழில் கேட்டால் பதில் சொல்லலாம்.

PRESIDENT: നിരോധനക്കരം പത്തു മടങ്ങോ പതിനഞ്ചു മടങ്ങോ വയ്ക്കുന്നതായിട്ട് അറിവില്ല എന്നാണ് കമ്മീഷണർ പറയുന്നതു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): പുറമ്പോക്കിൽ പ്രവേശിക്കാത്തവരുടെ മേൽക്രടി കെസ്സെടുത്തു ശിക്ഷിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*) : They are mixing up '*Taravila*' with 'Prohibitory assessment'. They complained to me about '*Taravila*'. In certain cases where the people were poor and could not afford to pay, I have taken steps to get the lands registered in their names ; and the local officers are doing it.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അത് ഒരു ഏഴു മാസത്തിനു മുമ്പല്ലേ? അതിൽ പിന്നീടാണ് പുറമ്പോക്കല്ലാത്ത സ്ഥലം പുറമ്പോക്കാണെന്നു പറഞ്ഞു കേസ്സെടുത്തു് ജനങ്ങളെ സങ്കടപ്പെടുത്തീട്ടുള്ളതു്. അതിനെപ്പറ്റി കമ്മീഷണരെ അറിയിച്ചിട്ടുണ്ടു്. ഏഴുമാസത്തിനുമുമ്പാണ് ഈ വിവരങ്ങളെല്ലാം കാണിച്ചു മെമ്മോറിയൽ കൊടുത്തതു്.

MR. S. C. H. ROBINSON (*Land Revenue and Income Tax Commissioner*) : That is exactly what I say. They are mixing up the question of '*Taravila*' with 'Prohibitory assessment'. Prohibitory assessment is imposed under the Land Conservancy Regulation and *Taraaila* is imposed under the *Puduval* Rules.

MR. ITTOOP ITTEECHAN (*Kunnatnad*): സർ, കമ്മീഷണർ ഈ സംഗതിയെപ്പറ്റി വേണ്ടഅന്വേഷണം നടത്തുമെന്നും, ഓഫീസിൽനിന്നും കൂടുതലായിട്ട് ഈടാക്കിട്ടുള്ളതിനെ അസ്തിരപ്പെടുത്തിത്തരുമെന്നും ഉള്ള വിശ്വാസത്തിന്മേൽ ഈപ്രമേയം പിൻ വലിക്കുന്നതിനുള്ള അനുവാദം ചോദിച്ചുകൊള്ളുന്നു.

PRESIDENT : Has the member the leave of the House to withdraw the resolution?

The resolution was, by leave, withdrawn.

The following resolutions lapsed.

RESOLUTIONS 2 TO 6.

Measures re poramboke cases.

2. MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): This Council recommends to the Government that the following provisions be made to remedy the hardships of the people resulting from *poramboke* cases :—

(*a*) that, if the occupant admits that he occupied the land involved in the case without knowing the boundary limits and agrees to vacate the same, he should not be punished but only evicted on recovering from him arrears of tax at a rate not exceeding four times the rate of assessment on the adjoining lands ;

(*b*) that, if such land is assignable, it should be assigned charging *taravila* and assessment at a rate not exceeding four times the rate for the adjoining lands ;

(*c*) that stones of a bigger size than the ordinary boundary stones and bearing a distinguishing colour should be planted on the boundaries of *porambokes* ; and

(*d*) that nobody should be punished in *poramboke* cases except in cases where the party occupied the land knowing it was *poramboke*, the occupation has caused serious loss or damage to the Government or to the people, and the party refuses to make good such loss and vacate the land.

LIBRARY ARCHIVES Kerala Legislative Assembly